പുറത്തുള്ള രാജ്യങ്ങളിൽനിന്നും അരി വാങ്ങുവാനുള്ള അനുവാദം.

* 1389. [13] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേയ്ക്കു് ആവശ്യമുള്ള അരി നിശ്ചിതവിലയ്ക്കു കേന്ദ്രഗവണ്മെന്റു് വാങ്ങിത്തരുന്നുണ്ടോ ;

(ബി) തരുന്നുണ്ടെങ്കിൽ ഇവിടെ ന്യായവിലഷാപ്പിൽ ക്രമമായി വിതരണം ചെയ്യാൻ അരി തികയാത്തതെന്തുകൊണ്ടു് ;

(സി) കേന്ദ്രം തരുന്ന അരി കഴിച്ചു പോരാതെ വരുന്ന അരി ഇൻഡ്യയ്ക്കു വെളിയിലുള്ള മിച്ചരാജ്യങ്ങളിൽനിന്നു് വാങ്ങാനുള്ള അനുവാദം ഈ സ്റ്റേറ്റു് ഗവണ്മെന്റു് കേന്ദ്രസർക്കാരിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

(എ) ആവശ്യമുള്ളത്ര അരി മുഴുവൻ കേന്ദ്രഗവണ്മെന്റു് വാങ്ങിത്തരുന്നില്ല, പക്ഷെ, ഈ മേയ് മുതൽ ആഗസ്റ്റു് വരെയുള്ള നാലു മാസക്കാലത്തേക്കു് 50,000 ടൺ അരി കേന്ദ്രഗവണ്മെന്റു് കേരളം ഗവണ്മെന്റിനു് അനുവദിച്ചിട്ടുണ്ടു്.

(ബി) കേന്ദ്രം അനുവദിച്ചുതന്ന അരി തികയാതെ വരുന്നതിനാലാണു് ക്രമമായി വിതരണം ചെയ്യാൻ സാധിക്കാതെ വരുന്നതു്. കിട്ടുന്ന അരി വിതരണം ചെയ്തിട്ടുണ്ടു്.

(സി) കേന്ദ്രം തരുന്ന അരി കഴിച്ചു്, പോരാതെ വരുന്ന അരി ഇൻഡ്യയ്ക്കു വെളിയിൽനിന്നുള്ള രാജ്യങ്ങളിൽനിന്നും വാങ്ങുന്നതിനു് ഈ സംസ്ഥാനഗവണ്മെന്റിനു് സാദ്ധ്യമല്ല. ബ്രസീൽ, ബർമ്മാ മുതലായ രാജ്യങ്ങളിൽനിന്നും അരി വരുത്തിത്തരാമെന്നു് ഈ ഗവണ്മെന്റിനെ ചില കച്ചവടക്കാർ അറിയിച്ചിരുന്നു, ആ വിവരം യഥാകാലം ഈ ഗവണ്മെന്റു് ഇൻഡ്യാ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ : അതിനുള്ള മറുപടി കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജു് : കിട്ടിയിട്ടുണ്ടു്. ഫാറിൻ എക്സ്ചേയിഞ്ചിന്റെ പ്രശ്നം ഉള്ളതുകൊണ്ടു് അനുവാദം തരാൻ സാദ്ധ്യമല്ലെന്നാണു് മറുപടി തന്നിട്ടുള്ളതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിന്റെ അർത്ഥം ഇൻഡ്യാ ഗവണ്മെന്റു് 50,000 ടൺ അരി തന്നതുകൊണ്ടു്, ആന്ധ്രായിൽനിന്നു് കൂടിയ വിലയ്ക്കു് അരി വാങ്ങരുതെന്നാണോ ?

ശ്രീ. കെ. സി. ജോർജ്ജു് : ആന്ധ്രായിൽ ഇപ്പോൾ അരിവില കൂടിയിരിക്കുന്നതുകൊണ്ടു് വാങ്ങാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിന്റെ അർത്ഥം ഇപ്പോഴത്തെ വിലയ്ക്കു് ആന്ധ്രായിൽനിന്നും അരി വാങ്ങാൻ സാദ്ധ്യമല്ലാ എന്നാണോ ?

ശ്രീ. കെ. സി. ജോർജ്ജു് : സീലിംഗ് പ്രൈസിനു് വാങ്ങാൻ വിഷമമൊന്നുമില്ല. പക്ഷെ, സീലിംഗ് പ്രൈസിനു് അരി കിട്ടുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ : ദക്ഷിണമേഖലയുടെ പുറത്തുനിന്നും അരി വാങ്ങാൻ ഇൻഡ്യാ ഗവണ്മെന്റു് അനുവദിക്കുമോ ?

ശ്രീ. കെ. സി. ജോർജ്ജു് : അനുവദിക്കുകയില്ലെന്നാണു് ഗവണ്മെന്റിനു് ലഭിച്ചിട്ടുള്ള അറിവു്.

LIBRARY ARCHIVES Kerala Legislative Assembly